വ്യവസായ നാദം

Official News Bulletin of
KSSIA, Kottayam District Unit

Vol. 4, Issue:5
August 2010

*Chief Editor*
**Dr. T.C. Joseph**
(President)

*Members*
**Abraham Kuriakose**
**K. Dilip Kumar**
**James Immanuel**
**Benoy Kurian**
**Sri. Xavier Thomas Kondody**
**Dr. George P. Thomas**



KSSIA
Kottayam District Unit
No. XIV / 105 / A
Kottayam Municipal Industrial Estate
Kodimatha,
Kottayam-686 039
Phone: 2309731, 9496413081
Phone / Fax: 2567570

www.kssiakottayam.com
E-mail: ktmsmallind@bsnl.in
kssialndusries@yahoo.co.in


## FLASH NEWS FROM KSEB

**അനുവദിച്ചിട്ടുള്ള കണക്റ്റഡ് ലോഡിനേക്കാളും കൂടുതൽ ലോഡ് എടുക്കുന്ന വ്യവസായികൾ സെപ്റ്റംബർ 30-നു മുമ്പ് കെ.എസ്.ഇ.ബി. ഓഫീസിൽ സെൽഫ് ഡിക്ലറേഷൻ നൽകിയാൽ ഫൈൻ കൂടാതെ പ്രസ്തുത കണക്ഷൻ റഗുലറൈസ് ചെയ്യുന്നതാണെന്ന് കെ.എസ്.ഇ.ബി. അറിയിക്കുന്നു.**

**എഡിറ്റോറിയൽ**



# ഒരു കുടക്കീഴിൽ നമുക്കൊന്നിക്കാം...

**2010 – 2012** വർഷത്തേയ്ക്ക് നമ്മുടെ അസോസിയേഷന്റെ പ്രസിഡന്റായി എന്നിൽ വിശ്വാസം ഉറപ്പിച്ച എല്ലാ മെമ്പേഴ്സിനോടുമുള്ള നന്ദി ഞാൻ അറിയിക്കുകയാണ്. ഞാൻ ഉൾപ്പെടുന്ന അസോസിയേഷന്റെ പുതിയ ഭാരവാഹികൾ ഞങ്ങളുടെ കാലയളവിൽ നമ്മുടെ അസോസിയേഷനുവേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കുമെന്ന് ഉറപ്പുതരുന്നു. 1967 - ൽ സ്ഥാപിതമായ നമ്മുടെ സംഘടനയ്ക്കുവേണ്ടി അന്നുമുതൽ ഇന്നുവരെ പരിശ്രമിച്ച എല്ലാ പ്രസിഡന്റുമാരെയും നേതാക്കന്മാരെയും ഭാരവാഹികളേയും ഞാൻ ഓർക്കുകയും സ്മരിക്കുകയും ആദരിക്കുകയും ചെയ്യുന്നു.

നമ്മുടെ നാടിന്റെ വികസനത്തിനുവേണ്ടി പുതിയ സംരംഭങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുകയും നിലവിലുള്ള വ്യവസായികൾക്ക് സുതാര്യമായ അന്തരീക്ഷത്തിൽ വ്യവസായം നടത്തുവാനുള്ള സാഹചര്യം ഒരുക്കുകയുമാണ് നമ്മുടെ പ്രധാന ലക്ഷ്യം. ഈ കാലഘട്ടത്തിൽ ചെറുകിട വ്യവസായികൾ പരമ്പരാഗത രീതിയിൽ വ്യവസായം നടത്തിയാൽ വിജയിക്കുകയില്ല. നമ്മുടെ മാനേജ്മെന്റ് സിസ്റ്റം, മെഷിനറി, ടെക്നോളജി ഇവയെല്ലാം മാറ്റേണ്ടതായിട്ടുണ്ട്. സംരംഭകർക്കും, തൊഴിലാളികൾക്കും, മാനേജ്മെന്റ് സ്റ്റാഫിനും മാനേജ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം, ടെക്നിക്കൽ ട്രെയിനിംഗ് പ്രോഗ്രാം എന്നിവ അസോസിയേഷന്റെ നേതൃത്വത്തിൽ നടത്തുന്നതിനുള്ള അവസരം അസോസിയേഷൻ ഉണ്ടാക്കിക്കൊടുക്കും. നമ്മുടെ കുടുംബസുരക്ഷയ്ക്കായി ഉണ്ടാക്കിയ സോഷ്യൽ സെക്യൂരിറ്റി സ്കീമിൽ എല്ലാ മെമ്പേഴ്സിനേയും ചേർക്കുവാൻ ശ്രമിക്കും. കോട്ടയം ജില്ലയിലെ പരമാവധി വ്യവസിയകളെ നമ്മുടെ അസോസിയേഷന്റെ മെമ്പറാക്കുവാൻ ശ്രമിക്കും. കാലഹരണപ്പെട്ട നിയമങ്ങൾക്കും നിയമ തടസങ്ങൾക്കും എതിരെ നമ്മൾ പ്രതികരിക്കണം. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമാണ് അസോസിയേഷന് ആവശ്യം. നമുക്ക് ഒറ്റക്കെട്ടായി ഒരു കുടക്കീഴിൽ നിന്ന് നമ്മുടെ വിജയത്തിനുവേണ്ടി പരിശ്രമിക്കാം. എന്നും അസോസിയേഷൻ നിങ്ങളോടൊപ്പമുണ്ട്.

ഒരു ചെറുകിട വ്യവസായം നടത്തുക എന്നുപറയുന്നത് വളരെ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ്. പ്രശ്നങ്ങൾ പരിഹരിക്കുവാൻ മാത്രമാണ് ഒരു വ്യവസായിയുടെ എൺപത് ശതമാനം സമയവും ചിലവഴിക്കുന്നത്. ബാക്കിയുള്ള ഇരുപത് ശതമാനം മാത്രമാണ് ഒരു വ്യവസായിക്ക് പുതിയ പ്രോഡക്ട്, പുതിയ വിപണി എന്നിവയെക്കുറിച്ച് ചിന്തിക്കുവാൻ സമയം കിട്ടുന്നത്. ഈ പ്രവണത തുടച്ചുമാറ്റേണ്ടിയിരിക്കുന്നു. നമുക്കെല്ലാവർക്കും ഒറ്റക്കെട്ടായിനിന്ന് സുതാര്യമായ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുവേണ്ടി ശ്രമിക്കാം.

# KSSIA കോട്ടയം യൂണിറ്റിന്റെ 2010 – 2012 ലെ പുതിയ ടീമിന്റെ ഭരണലക്ഷ്യങ്ങൾ

## മെമ്പർഷിപ്പ് വർദ്ധന

- കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ കോട്ടയം യൂണിറ്റിന്റെ അംഗസംഖ്യ 521–ൽ നിന്നും 1001 ആയി വർദ്ധിപ്പിക്കുക.
- മെമ്പർഷിപ്പ് വാല്യു വർദ്ധിപ്പിക്കുക.
  ഈ അസോസിയേഷന്റെ അംഗങ്ങളാകുന്നവർക്ക് അതിന്റേതായ നേട്ടങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാക്കുക.
- വ്യവസായികൾ അനുഭവിക്കുന്ന നിരന്തരമായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുക.
- ഗ്രീൻ കാറ്റഗറിയിൽ വരുന്ന യൂണിറ്റുകളെ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പരിധിയിൽ നിന്നും വിടുതൽ ചെയ്യുക.
- വൈദ്യുതിയുടെ ലഭ്യതയും ഗുണനിലവാരവും ഉയർത്തുക.
- പൂവൻതുരുത്ത് വ്യവസായ എസ്റ്റേറ്റിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
- സെക്ടർ, താലൂക്ക് കമ്മറ്റികൾ ശക്തമാക്കുക.
- വൈദ്യുതി, വാറ്റ് ടാക്സ്, ബാങ്കിംഗ്, സെൻട്രൽ എക്സൈസ്, കസ്റ്റംസ് എന്നിവയുടെ പ്രവർത്തനങ്ങളിലുള്ള പരാതി സെല്ലുകളിൽ കൃത്യമായി പങ്കെടുക്കുക.
- രണ്ടു മാസത്തിലൊരിക്കൽ സുപ്രധാന വിഷയങ്ങളിൽ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ നടത്തുക.
- ചെറുകിട വ്യവസായ മേഖലയുമായി ബന്ധപ്പെട്ട സർക്കാർ, അർദ്ധസർക്കാർ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരുമായി ചർച്ചകൾ സംഘടിപ്പിക്കുക.
- സംസ്ഥാന കേന്ദ്രസർക്കാരിന്റെ അടുത്ത വർഷത്തെ ബഡ്ജറ്റുകൾക്കു മുമ്പായുള്ള ചർച്ചകളിൽ പങ്കെടുക്കുക. നിർദ്ദേശങ്ങൾ സമർപ്പിക്കുക.
- അസോസിയേഷന്റെ മുഖപത്രമായ വ്യവസായ നാദത്തിലൂടെ അംഗങ്ങളുമായി നിരന്തര സമ്പർക്കം പുലർത്തുക.
- കുറഞ്ഞ പലിശ നിരക്കിലും, ഒരു കോടി രൂപാ വരെയുള്ള വായ്പകളും കൊളാറ്ററൽ സെക്യൂരിറ്റി കൂടാതെ ലഭ്യമാക്കുന്നതിന് ബാങ്കുകൾ, സിഡ്ബി, കെ.എഫ്.സി., എൻ.എസ്.ഐ.സി. തുടങ്ങിയ ധനകാര്യസ്ഥാപനങ്ങളുമായി അംഗങ്ങൾക്കു വേണ്ടി അസോസിയേഷൻ ബന്ധപ്പെടും.
- അസോസിയേഷന്റെ ആഭിമുഖ്യത്തിലുള്ള സോഷ്യൽ സെക്യൂരിറ്റി ഫണ്ടിൽ എല്ലാ അംഗങ്ങളും ചേർരുക.
- സംസ്ഥാന അസോസിയേഷന്റെ എല്ലാ നല്ല പ്രവർത്തനങ്ങളിലും കോട്ടയം യൂണിറ്റിന്റെ പിന്തുണയും സഹകരണവും, കൂട്ടായ പ്രവർത്തനവും ഉറപ്പുവരുത്തുക.
- ഓരോ വർഷവും ഒരു അന്താരാഷ്ട്ര വ്യവസായ മേളയിലെങ്കിലും പങ്കെടുക്കുക.
- ഇൻഡക്സ് വ്യവസായ എക്സിബിഷൻ ചെറുകിട വ്യവസായികളെ യഥാർത്ഥത്തിൽ സഹായിക്കുന്ന രീതിയിൽ സംഘടിപ്പിക്കുക.
- സർക്കാർ, അർദ്ധസർക്കാർ ഡിപ്പാർട്ടുമെന്റിന്റെയും, കോർപ്പറേഷനുകളുടെയും പർച്ചേസ് പ്രോഗ്രാമുകളിൽ ചെറുകിടവ്യവസായങ്ങൾക്ക് 30% വരെയെങ്കിലും ക്വാട്ട ലഭ്യമാക്കുക.
- പൊല്യൂഷൻ ക്ലീയറൻസ്, ഫാക്ടറി ലൈസൻസ്, ഐ.എസ്.ഐ. സർട്ടിഫിക്കറ്റ് തുടങ്ങിയവയ്ക്ക് കൊടുക്കേണ്ട ഫീസ്, മറ്റു ചെലവുകൾ ഇവയ്ക്കുള്ള തുകയ്ക്ക് വ്യവസായ വകുപ്പിൽ നിന്നും സബ്സിഡി ലഭ്യമാക്കുക.

**സോഷ്യൽ സെക്യൂരിറ്റി പദ്ധതിയിൽ അംഗമാകൂ സുരക്ഷിതത്വം ഉറപ്പാക്കൂ**

# KSSIA കോട്ടയം യൂണിറ്റ് പ്രതിനിധീകരിക്കുന്ന പ്രധാനപ്പെട്ട കമ്മറ്റികൾ – പ്രതിനിധീകരിക്കുന്നവർ

1. വാറ്റ് ടാക്സ് ഗ്രീവൻസ് ഡെൽ എല്ലാ മാസവും രണ്ടാം ബുധനാഴ്ച കൊമേഷ്യൽ ടാക്സ് ഡെപ്യൂട്ടി കമ്മീഷണറുടെ കളക്ട്രേറ്റിലുള്ള ഓഫീസിൽ ഉച്ചകഴിഞ്ഞ് 2.30 മണിക്ക് കൂടുന്നു.
   - ഡോ. റ്റി.സി. ജോസഫ് (9447134076) (പ്രസിഡന്റ്, കെ.എസ്.എസ്.ഐ.എ.)
   - സേവ്യർ തോമസ് കൊണ്ടോടി (9847046229) (CII, കോട്ടയം സോൺ ചെയർമാൻ)

2. ഇലക്ട്രിസിറ്റി സംബന്ധമായ ഗ്രീവൻസ് കമ്മിറ്റി കെ.എസ്.ഇ.ബി. പള്ളം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ഓഫീസിൽ രണ്ടു മാസത്തിലൊരിക്കൽ കൂടുന്നു.
   - ഡിസ്ട്രിക്റ്റ് പ്രസിഡന്റ്
   - മറ്റ് പ്രതിനിധികൾ
   - പ്രത്യേക പരാതിയുള്ളവർ

3. ഡിസ്ട്രിക്റ്റ് ലെവൽ ബാങ്കിങ് എംപവേൽഡ് കമ്മിറ്റി - ഡി.ഐ.സി. ജനറൽ മാനേജരുടെ ചേമ്പറിൽ മൂന്നു മാസത്തിലൊരിക്കൽ കൂടുന്നു.
   - ഏബ്രഹാം കുര്യാക്കോസ് (വൈസ് പ്രസിഡന്റ്) (M)

4. സ്റ്റേറ്റ് ലെവൽ ബാങ്കിങ് എംപവേർഡ് കമ്മിറ്റി ഫോർ എം. എസ്.എം.ഇ. ക്രെഡിറ്റ് ഫ്ളോ. മൂന്നു മാസത്തിലൊരിക്കൽ റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം ഓഫീസിൽ കൂടുന്നു. അദ്ധ്യക്ഷൻ - റീജനൽ ഡയറക്ടർ, ആർ.ബി.ഐ., തിരുവനന്തപുരം. ബാങ്കിങ് സംബന്ധമായ പരാതികൾ സമർപ്പിക്കാം.
   - സേവ്യർ തോമസ് കൊണ്ടോടി (മെമ്പർ)
   - സ്റ്റേറ്റ് അസോസിയേഷൻ പ്രതിനിധി

5. ഡിസ്ട്രിക്റ്റ് ലെവൽ ബാങ്കിങ് റിവ്യൂകമ്മറ്റി (ഡി.എൽ. ആർ.സി.)
   - ഡോ. റ്റി.സി. ജോസഫ് (പ്രസിഡന്റ്) ദിലീപ് കുമാർ (സെക്രട്ടറി)

6. **കെ.എസ്.എസ്.ഐ.എ. സ്റ്റേറ്റ് കമ്മിറ്റി, ജനറൽ കൗൺസിൽ:-** സ്റ്റേറ്റ് കമ്മറ്റി എല്ലാ മാസവും, ജനറൽ കൗൺസിൽ എല്ലാ മൂന്നു മാസവും കൂടുന്നു.
   - ഡിസ്ട്രിക്റ്റ് പ്രസിഡന്റ്, ജില്ലയിൽ നിന്നുള്ള മൂന്ന് സ്റ്റേറ്റ് കമ്മറ്റി അംഗങ്ങൾ - ജില്ലയിൽ നിന്നുള്ള 21 ജനറൽ കൗൺസിൽ അംഗങ്ങൾ, മറ്റു ക്ഷണിതാക്കൾ

7. സെൻട്രൽ എക്സൈസ് ആന്റ് കസ്റ്റംസ് കൊച്ചി റീജനൽ അഡ്വൈസറി കമ്മിറ്റി - മൂന്നു മാസത്തിലൊരിക്കൽ കൊച്ചിൻ സെൻട്രൽ എക്സൈസ് കമ്മീഷണറേറ്റിൽ കൂടുന്നു.
   - സേവ്യർ തോമസ് കൊണ്ടോടി (9847046229) (ആർ.ഏ.സി. മെമ്പർ)

8. സെൻട്രൽ എക്സൈസ് പബ്ലിക് ഗ്രീവൻസ് കമ്മിറ്റി സെൻട്രൽ എക്സൈസ് കമ്മിഷണർ അദ്ധ്യക്ഷനായുള്ള നാലംഗ പൊതുപരാതി കമ്മിറ്റി മൂന്നു മാസത്തിലൊരിക്കൽ കൂടുന്നു.
   - സേവ്യർ തോമസ് കൊണ്ടോടി (മെമ്പർ)

മേൽ വിവരിച്ച കമ്മിറ്റികളിൽ അംഗങ്ങളുടെ നിർദ്ദേശങ്ങൾ, പരാതികൾ, ഉദ്യോഗസ്ഥരുടെ നിയമവിരുദ്ധ നടപടികൾ, നിസഹകരണ മനോഭാവം തുടങ്ങിയവ അവതരിപ്പിക്കുകയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും വേണ്ടിയുള്ള സുവർണ്ണാവസരങ്ങളാണ്. ഈ കമ്മിറ്റികളിൽ അവതരിപ്പിക്കുന്നതിനുള്ള കാര്യങ്ങൾ ബഹു. അംഗങ്ങൾ കൃത്യമായി തന്നെ വേണ്ട ഡോക്യുമെന്റ്സോടുകൂടി അസോസിയേഷൻ ഓഫീസിൽ സമർപ്പിച്ചിരിക്കേണ്ടതാണ്. പരാതിക്കാരുടെ നേരിട്ടുള്ള സമർപ്പിക്കലും തരപ്പെടുത്താവുന്നതാണ്.

# 2010-2012-ലെ ഭാരവാഹികൾ ചുമതലയേറ്റു



സെക്രട്ടറിയുടെ കത്ത്

സുഹൃത്തുക്കളേ,

ഈ വർഷം ഒരു തെരഞ്ഞെടുപ്പില്ലാതെ നമ്മുടെ അസോസിയേഷന്റെ എല്ലാ ഭാരവാഹികളേയും തെരഞ്ഞെടുക്കാൻ സാധിച്ചത് നമ്മുടെ അസ്സോസിയേഷന്റെ കെട്ടുറപ്പിന്റെ പ്രതീകമായി ഞാൻ കരുതുന്നു. ജൂലൈ 27-ാം തീയതി നമ്മുടെ ലീഗൽ അഡ്‌വൈസർ കെ. ജെ. ഫിലിപ്പോസ് പുതിയ ഭാരവാഹികളെ അന്നു ചേർന്ന പൊതുയോഗത്തിൽവെച്ച് ഔദ്യോഗികമായി പ്രഖ്യാപിച്ചു. എങ്കിലും 2010 ജൂലൈ 30-ാം തീയതി പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണ ചടങ്ങ് നമ്മുടെ അസ്സോസിയേഷൻ ഹാളിൽവെച്ച് നടത്തുകയുണ്ടായി. പ്രസ്തുത ചടങ്ങിൽ വി. എൻ. വാസവൻ എം. എൽ. എ. മുഖ്യാതിഥി ആയിരുന്നു. ഡി. ഐ. സി. മാനേജർ പി. എൻ. വിജയൻ പങ്കെടുത്തിരുന്നു. നമ്മുടെ ഭൂരിഭാഗം മെമ്പേഴ്സും ഈ ചടങ്ങിന് സാക്ഷ്യം വഹിച്ചു. 1967 മുതൽ ഇന്നേ വരെയുള്ള എല്ലാ മുൻകാല പ്രസിഡന്റുമാരേയും പൊന്നാട നൽകി ആദരിച്ചു. മുൻ പ്രസിഡന്റ് ഡോ. ജോർജ് പി. തോമസിന് പുതിയ പ്രസിഡന്റ് ഡോ. റ്റി. സി. ജോസഫ് മെമന്റോ നൽകുകയുണ്ടായി. നമ്മുടെ കൂട്ടായ സഹകരണമാണ് അസോസിയേഷന്റെ ശക്തി എന്ന് പുതിയ പ്രസിഡന്റ് അദ്ധ്യക്ഷ പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. കൂടാതെ ഈ വരുന്ന രണ്ടു വർഷത്തെ പ്രവർത്തനങ്ങളേക്കുറിച്ചും അദ്ദേഹം വിവരിച്ചു. നമ്മുടെ നാടിന്റെ പുരോഗതിക്ക് കൂടുതൽ ചെറുകിട വ്യവസായങ്ങൾ വരണമെന്നും, വ്യവസായിക അനുകൂല അന്തരീക്ഷം സൃഷ്ടിക്കുവാൻ പൊതുജനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും മനോഭാവങ്ങളിൽ മാറ്റം ഉണ്ടാകണമെന്നും ശ്രീ വി. എൻ. വാസവൻ എം. എൽ. എ. തന്റെ മുഖ്യപ്രഭാഷണത്തിൽ ഓർമ്മിപ്പിച്ചു.

ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നമ്മുടെ അസ്സോസിയേഷന് എല്ലാവിധ സഹായവും തദവസരത്തിൽ വാഗ്ദാനം ചെയ്തു.

പുതിയ ഭാരവാഹികളെ അനുമോദിച്ച് സേവ്യർ തോമസ് കൊണ്ടോടി, സൂസി ജോർജ് ഐസക്, പി. ഡി. ജോർജ്, ജയിംസ് ജേക്കബ്, തോമസ് തോമസ് തുടങ്ങിയവർ സംസാരിച്ചു. അസോസിയേഷൻ വൈസ് പ്രസിഡന്റ് ഏബ്രഹാം കുര്യാക്കോസ് സ്വാഗതവും സെക്രട്ടറി കെ. ദിലീപ്കുമാർ കൃതജ്ഞതയും പറഞ്ഞു.

ജില്ലാ തലത്തിൽ നടക്കുന്ന എല്ലാ കമ്മറ്റികളിലും നൽകേണ്ട നിർദ്ദേശങ്ങളും പരാതികളും എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പായി അസ്സോസിയേഷന് ലഭിച്ചാൽ ബന്ധപ്പെട്ടവർക്ക് സമർപ്പിച്ച് പരിഹാരം കാണുന്നതിന് പരമാവധി ശ്രമിക്കുന്നതാണ്. അസ്സോസിയേഷന്റെ എല്ലാവിധ നൂതന ഓഫീസ് സംവിധാനങ്ങളും എല്ലാ അംഗങ്ങളും പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഒരിക്കൽക്കൂടി എല്ലാവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ടും

സെക്രട്ടറി

**കെ. ദിലീപ് കുമാർ**

# പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ക്ലീയറൻസ്

## പിഴയില്ലാതെ ആഗസ്റ്റ് 30-വരെ അപേക്ഷകൾ സ്വീകരിക്കുന്നു

ചെറുകിട വ്യവസായ യൂണിറ്റുകൾ ചിലതെങ്കിലും ഇപ്പോഴും ഈ ക്ലീയറൻസ് എടുക്കാതെ പ്രവൃത്തിച്ചു വരുന്നുണ്ട്. പ്രസ്തുത യൂണിറ്റുകൾക്ക് പിൽക്കാല ഫീസോ, പെനാൽറ്റിയോ കൂടാതെ ഇപ്പോൾ അപേക്ഷ സമർപ്പിക്കുകയും അങ്ങനെ വെള്ളം, വായു, പരിസരം എന്നിവയ്ക്കുള്ള പരിസ്ഥിതി ക്ലിയറൻസുകൾ എടുക്കാവുന്നതുമാണ്.

ഗ്രീൻ, ഓറഞ്ച് കാറ്റഗറിയിലുള്ള യൂണിറ്റുകൾക്ക് മൂന്ന് വർഷത്തെ ഫീസ് ഒറ്റതവണയായി അടച്ച് ഈ ക്ലീയറൻസ് വാങ്ങാവുന്നതാണ്. ഈ സ്കീം ആഗസ്റ്റ് 31-ാം തീയതി വരെ മാത്രമേ യുള്ളൂ. ഗ്രീൻ കാറ്റഗറിയിലുള്ള യൂണിറ്റുകളെ ഈ ബോർഡിന്റെ ക്ലീയറൻസ് വാങ്ങുന്നതിൽ നിന്നും ഒഴിവാക്കി കിട്ടുവാൻ കെ.എസ്.എസ്.ഐ.എ.യുടെ സംസ്ഥാന പ്രസിഡണ്ടും പൊല്യൂഷൻ കൺട്രോൾ ബോർഡംഗവുമായ വി. കെ.സി. മമ്മദ് കോയ കാര്യമായ സമ്മർദ്ദം ചെലുത്തിവരുന്നു.

**Office of Kerala Pollution Control Board Kottayam Office**
**St. Antony's Bldg.,**
**Near Nagampadom Busstand**
**Kottayam**
**Ph: 0481-2302445**

Note: പല പഞ്ചായത്തുകളും പഞ്ചായത്ത് ലൈസൻസ് അപേക്ഷകൾ പരിഗണിക്കുന്നതിന് പി.സി.ബി. ക്ലീയറൻസ് ആവശ്യപ്പെട്ടേക്കും.

# Kerala Govt. Purchases from MSMES - No. Datas available

According to the recommendations of the MSME Task force contributed by MSME Task force constituted by Prime Minister Manmohan Sigh, the Govt. will reserve 20% for MSME manufactured items for procurement by the government agencies for currently the figure is only 10% to 15% on an annual basis which is Rs. 160,000 crores. It is high time Kerala Govt. figure out how much its own departments procure from MSMEs and what would be its percentage of the total purchases in all year. Govt. of India however decided to impose this 20% quota MSMES

## Design Clinic Scheme for MSMEs

Scheme is for Design Expertise to MSMEs, supported financially by ministry of MSME, Govt. of India. The scheme will help the MSME to availe benefit of design to move up the value chain through increasing value and competitiveness of their products and services.

The scheme will be carried out in three phrases. It targets to touch 200 MSME clusters in the next 2 years.

Log into MSME website: http://www.nid.edu/index. **National institute of Design (NID) Ahemedbad will be the nodel agency.**

## Centre thrust on IPR to Boost MSMEs.

Govt. is embracing on the use of intellectual property rights (IPRs), which may give a competitive edge. Centre's National Manufacturing competitiveness Programme (NMCP) is building awareness in IPR in SMES. NMCP has plans to provide assistance to MSMEs an acquiring usages of IPRs. It will also provide assistance for grant on patent registrations and interactions with international agencies.

**പലിശനിരക്കുകൾ, ബാങ്കിങ് സർവീസ്, ചാർജുകൾ ഉൾപ്പെടെയുള്ളവ 10 ശതമാനത്തിൽ താഴെ ആക്കുകയാണെങ്കിൽ മാത്രമേ ഇൻഡ്യയിലെ സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾക്ക് മാർക്കറ്റിൽ വൻകിട കമ്പനികളെയും മറ്റു രാജ്യങ്ങളിലെ ഉൽപ്പാദകരോടും മത്സരിക്കുവാനാകുകയുള്ളൂ.**

## ഉത്തേജക പദ്ധതികൾ

മൈക്രോ-ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വളർച്ചയ്ക്കായി ഒരുപിടി ഉത്തേജക പദ്ധതികൾ ഈ വകുപ്പിന്റെ ബഹു. മന്ത്രി (സ്വതന്ത്രചുമതല) ശ്രീ. ഡിൻഷാ പട്ടേൽ പാർലമെന്റിൽ പ്രഖ്യാപിച്ചതനുസരിച്ച് വളരെയധികം പദ്ധതികൾ ചെറുകിട സംരംഭങ്ങൾക്കായി ലഭ്യമാക്കുന്നു. ഇൻഡ്യയിലെ കോമേഴ്സ്യൽ ബാങ്കുകൾ, റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ എന്നിവ നടപ്പിൽ വരുത്തിയിട്ടുള്ള പദ്ധതികളിൽ പ്രധാനപ്പെട്ടവ.

ക്രെഡിറ്റ് ഗ്യാരന്റി സ്ക്കീമിന്റെ പരിധിലോൺ തുക 50 ലക്ഷത്തിൽ നിന്നും ഒരു കോടി ആക്കി. 5 ലക്ഷം വരെയുള്ള വായ്പയ്ക്കുള്ള ക്രെഡിറ്റ് കവർ 80%ത്തിൽ നിന്നും 85%, കേന്ദ്ര പബ്ളിക് സെന്റർ സ്ഥാപനങ്ങൾ ചെറുകിട വ്യവസായങ്ങൾക്കുള്ള പേയ്മെന്റ് ഉടനെ തന്നെ നൽകുക, പ്രീഷിപ്പ്മെന്റ് പോസ്റ്റ്ഷിപ്പ്മെന്റ് വായ്പകൾക്ക് 2% പലിശനിരക്ക് സബ്വെൻഷൻ അനുവദിക്കുക., സിഡ്ബിക്ക് 7000 കോടി രൂപായുടെ സഞ്ചിതനിധി രൂപീകരിക്കുക. പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് 20% വരെ അഡ്ഹോക്ക് ലിമിറ്റ് ബാങ്കുകൾ നൽകുക, സൂക്ഷ്മ വ്യവസായ സ്ഥാപനങ്ങൾക്ക് ഒരു ശതമാനവും, ചെറുകിട വ്യവസായങ്ങൾക്ക് 5 ശതമാനവും പലിശയിൽ പ്രത്യേക ഇളവു നൽകുക തുടങ്ങിയ നിരവധി പദ്ധതികൾ.

ഈടില്ലാത്ത വായ്പാ പരിധി 5 ലക്ഷത്തിൽനിന്നും 10 ലക്ഷമാക്കി. വായ്പാ ലഭ്യതയ്ക്ക് അടിസ്ഥാനമുള്ള പുതിയ വ്യവസായ, സേവന സംരംഭങ്ങൾക്ക് സ്ഥലവും മറ്റ് ഈടുമില്ലാതെ 10 ലക്ഷം രൂപാ വരെ, വായ്പ നൽകുന്നതിനുള്ള നിർദ്ദേശം ആർ. ബി.ഐ., രാജ്യത്തെ കൊമേഴ്സ്യൽ ബാങ്കുകൾക്ക് നൽകി കഴിഞ്ഞു.

# RBI Circulars / Notification
# RBI / 2009-2010/429. DBOD. Dir (Exp) BC. No. 94/04-2-00/2009-2010

***All Schedule commercial banks (eexcluding RRBS)***

**Rupee Export Credit Interest Rates**

The Govt. of India has decided to extend interest Subvention of 2 percentage points w.e.f. April 1, 2010 to March 31, 2011 on pre and post shipment rupee credit, for certain employment oriented export sectors as under. i) Handicrafts, ii) Carpets, iii) Handlooms, iv) Small & Medium Enterprises (SME)

**Credit Guarantee Scheme for Micro and Small Enterprises (MSES) - Collateral free loans to MSME RBI/2009-'10/449**

Modification of our circular RPCD, SME & NFS. BC. No. 16/06.02.31 (P)/2009 - 10 dated August 24, 2009.

Banks are madated not to accept collateral security in the care of loans upto Rs. 10 lakhs extended to units in the MSE sector.

(2) Banks may also strongly encourage their branch level functions to avail of the credit Guarantee Cover, including making performance in this regard in the availablation of their field staff.

# നാച്ചുറൽ റബ്ബറിന്റെ വിലവർദ്ധന റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് ഹാനികരം

പ്രകൃതിദത്ത റബ്ബറിന്റെ അഭൂത പൂർവ്വമായ വിലക്കയറ്റം മൂലം ഇൻഡ്യയിലെ റബ്ബധിഷ്ഠിത വ്യവസായങ്ങൾ ചൈനീസ് ഇൻഡക്ട്രീസുമായുള്ള ആഗോള മത്സരത്തിൽ പിൻതള്ളപ്പെട്ടേക്കാം. ചൈനീസ് വ്യവസായങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് റബ്ബർ ലഭ്യമായിക്കൊണ്ടിരിക്കുന്ന സാഹചര്യമാണിപ്പോൾ. ഇറക്കുമതി ചുങ്കം 20 ശതമാനത്തിൽ നിന്നും കുറവു വരുത്തുന്നതിന് അസോസിയേഷൻ റബ്ബർ ബോർഡുമായി കൂട്ടായി ആവശ്യപ്പെടണം.

## പ്രത്യേക ശ്രദ്ധയ്ക്ക്

അസോസിയേഷൻ അംഗങ്ങളുടെ അഭിപ്രായങ്ങളും, ലേഖനങ്ങളും 25-ാം തീയതിക്ക് മുമ്പായി അയച്ചുതരിക. എഡിറ്റോറിയൽ ബോർഡിന്റെ അംഗീകാരം ലഭിക്കുകയും മാഗസിനിലെ സ്ഥലപരിമിതിയിൽ നിന്നുകൊണ്ട് പ്രസിദ്ധീകരിക്കുന്നതായിരിക്കും. സെൻട്രൽ പേജിലേയ്ക്ക് പ്രസിദ്ധീകരിക്കുവാൻ താത്പര്യമുള്ള യൂണിറ്റുകൾ ചീഫ് എഡിറ്ററുമായി ബന്ധപ്പെടുക.

## HOW MSME FARE IN INDIA

- Percentage rise in production in 2008-2009 when compared with 2007-2008 is double the percentage rise in the number of persons employed.
- Production in 2008-2009 in MSME sector went up 11.4% to Rs. 880,805 crore.
- Number of employed people rose 5.2% to 659. 35 lakh.
- In the same fiscal, 12.37 million new units were added to the sector.
- Better utilisation of capacity, were efficient practises of finished goods were also gone up.

Source: Annual Report 2009-2010 by MSME

# ചൈനീസ് യുവാൻ ഡോളറുമായി ഫ്ളക്സിബിൾ റേറ്റിലേക്ക്

ചൈനീസ് കറൻസിയായ യൂവാൻ ഇതുവരേയ്ക്കും അമേരിക്കൻ ഡോളറുമായുള്ള വിനിമയ നിരക്കിൽ ഒരു നിശ്ചിത ലെവലിൽ മാത്രമായിരുന്നു. അമേരിക്കൻ ഗവൺമെന്റിന്റെ നിരന്തര സമ്മർദ്ദംമൂലം കഴിഞ്ഞ മാസം പൂപ്പിൾസ് ബാങ്ക് ഓഫ് ചൈന ഈ കാര്യത്തിൽ അല്പം അയവു വരുത്തി. ഒരു ദിവസം കൊണ്ട്. യുാൻ 6.7976 നിരക്കിൽ അതായത് .42% വർദ്ധനവിൽ ക്ലോസ് ചെയ്തു. പ്യൂപ്പിൾസ് ബാങ്ക് ഓഫ് ചൈന ഈ സുപ്രധാനമായ സാമ്പത്തിക പരിഷ്ക്കാരം തുടരുന്നതായി പ്രഖ്യാപിച്ചത് ലോകവ്യാപാര മേഖലയിൽ വളരെ അനുകൂലമായ ചലനങ്ങൾ സൃഷ്ടിക്കുകയും, ഇൻഡ്യയുടെ വിദേശ വ്യാപാരത്തിന് കൂടുതൽ ഉണർവ്വ് ഉണ്ടാകുമെന്നും പ്രതീക്ഷിക്കാം.

# EXPORT CREDIT GUARANTEE CORPORATION OF INDIA LTD.

## Question & Answer

1. What are the risks not covered under the standard Policy?
   The policy does not cover losses due to the following risks.

- Commercial disputes including quality disputes raised by the buyer, unless the exporter obtains a decree from a competent court of law in the buyer's country in his favour.
- Causes inherent in the nature of the goods.
- Buyer's failure to obtain necessary import or exchange authorisation from authorities in his country.
- Insolvency or default of any agent of the exports or the collecting bank.
- Exchange rate flucturation.
- Failure or negligence on the part of the exporter to fulfill the terms of the export contract.

2. Which all shipments made by the exporter are reguired to be covered under the standard Policy? The standard policy is meant to cover all the shipments made by an exporter, on credit terms during the period of 24 months after the issue of the policy. In other words, an exporter is required to offer for the cover of the policy each and every shipment that may be made by him in the next 24 months on DP, DA or Open Delivery terms to all buyers other than his own associates.
3. Are there all shipments made by the exporter are required to be covered under the standard policy?

- An exporter may exclude shipments made against advance payment or those, which are supported by irrevocable letters of credit, which carry the confirmation of banks in India, since he faces no risk in respect of such transactions. Exporters of the status or shipments to buyers in specified countries or any combination of these two, from the preview of the standard policies held by them.

(contd to page 11)

# ഇൻഡ്യൻ ബാങ്കുകളിൽ ബേസ് റേറ്റ് പലിശ സംവിധാനം നിലവിൽ വന്നു



കഴിഞ്ഞ ജൂലൈ 1-ാം തീയതി മുതൽ ബാങ്ക് പലിശ നിരക്ക് സംവിധാനത്തിൽ പുതിയ സംവിധാനം ആയതോടുകൂടി വായ്പാ പദ്ധതികളുടെ പലിശ നിരക്കിൽ മാറ്റം വരുമെന്ന് എല്ലാവരും പ്രതീക്ഷിക്കുന്നു. ബെഞ്ച് മാർക്ക് പ്രൈംലെൻഡിങ് റേറ്റിൽ നിന്നും ബേസ് റേറ്റിലേക്കുള്ള കണക്കുകൾ ഉപഭോക്താക്കൾക്ക് എത്ര മാത്രം പ്രയോജനം ചെയ്യുമെന്ന് ഇനിയും അറിയേണ്ടിയിരിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ 8% ബേസ്റേറ്റ് പ്രഖ്യാപിച്ചതിന് പുറമേ മറ്റെല്ലാം ബാങ്കുകളും ഈ റേറ്റിനേടടുത്ത റേറ്റുകൾ പ്രഖ്യാപിച്ചു കഴിഞ്ഞു. ബേസ് റേറ്റെന്നാൽ ഒരു മിനിമം റേറ്റെന്നു മാത്രം. അതിന്മേൽ ബാങ്കുകൾക്ക് ടേം ലോൺ പ്രീമിയം, റിസ്ക് പ്രീമിയം, ഓരോ വായ്പയിന്മേൽ വരാവുന്ന ചിലവുകൾ ഇങ്ങനെ വിവിധ ഭാരങ്ങൾ കയറ്റി വെക്കുമ്പോൾ വായ്പക്കാരനുള്ള പലിശ നിരക്കുകളിൽ വലിയ കുറവു വരുമെന്നു പ്രതീക്ഷിക്കാമോ?

സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾക്കുള്ള ബാങ്ക് വായ്പകളിന്മേൽ കുറവു വരുമെന്നു തന്നെയാണ് പ്രതീക്ഷകൾ. കാരണങ്ങൾ പലതുണ്ട്. പ്രധാനപ്പെട്ട ഒരു സാധ്യത, ബേസ് റേറ്റിൽ താഴെയുള്ള നിരക്കുകളിൽ ഒരു വലിയ വായ്പാപദ്ധതികളും പാടില്ലാ, എന്നുള്ള റിസർവ്വ് ബാങ്കിന്റെ കർശനമായ നിർദ്ദേശമാണ്. നാലുലക്ഷം രൂപായ്ക്കു താഴെയുള്ള വായ്പകൾക്കുമാത്രമേ കുറഞ്ഞ പലിശ നിരക്ക് പാടുള്ളൂ. വലിയ കോർപ്പറേറ്റുകൾക്കും മറ്റും 4 ശതമാനം, 5 ശതമാനം തുടങ്ങിയ കുറഞ്ഞ പലിശ നിരക്കുകളിൽ ഷോർട്ട് റ്റേം വായ്പകൾ നൽകുവാൻ ഇനിയും കോമേഷ്സ്യൽ ബാങ്കുകൾക്ക് അധികാരമില്ല. ഈ ബാലൻസിങ് ലെൻഡിങ് സംവിധാനം നടപ്പിലാകുന്നതോടു കൂടി ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ മേൽ ഇപ്പോൾ ചെയ്യുന്ന 12.75% തൊട്ട് 14% വരെയുള്ള വളരെ കൂടിയുള്ള നിരക്കുകളിൽ കാര്യമായ കുറവു വരുമെന്ന് തീർച്ചയാണ്. നിങ്ങളുടെ വായ്പകൾ ബേസ് റേറ്റിലേയ്ക്ക് മാറ്റണമെന്നുള്ള ആവശ്യം ഉടനെതന്നെ നിങ്ങളുടെ ബാങ്കിനെ അറിയിക്കുക.

# ചരക്കു സേവന നികുതി (GST)



ഗുഡ്സ് ആന്റ് സർവീസ് ടാക്സ് സംവിധാനം അപ്രത്യക്ഷ നികുതി ഘടനയിൽ ഏറ്റവും വിപ്ലവ കരമായ മാറ്റമാണ് ഇന്ത്യയിൽ ഉണ്ടാകു വാൻ പോകുന്നത്. ഇൻഡ്യയുടെ ബഹു. ധനകാര്യമന്ത്രി ശ്രീ. പ്രണാബ്കുമാർ മുഖർജി കഴിഞ്ഞ ദിവസം ജി. എസ്.ടി. നടപ്പിലാക്കുവാൻ സർക്കാരിനെ സഹായിക്കുന്ന ഇൻഡ്യൻ സംസ്ഥാനങ്ങളിലെ ധനകാര്യമന്ത്രിമാരുടെ സമിതിയായ എംപവ്വേർഡ് കമ്മിറ്റിയിൽ ചെയ്ത പ്രസ്താവനയുടെ ഉള്ളടക്കവും ചെറുകിട വ്യവസായ അസോസിയേഷൻ വരും ദിവസങ്ങളിൽ ചെയ്യേണ്ട കാര്യങ്ങളെപ്പറ്റിയുമാണ് ഈ ചെറിയ ലേഖനത്തിൽ പ്രതിപാദിക്കുന്നത്.

## ജി.എസ്.ടിയുടെ ഘടന

- പ്രതീക്ഷയ്ക്കു വിപരീതമായി 3 നിരക്കുകളാണ് ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ളത്. ഏറ്റവും കുറഞ്ഞ നിരക്ക് 6% (അത്യാവശ്യസാധനങ്ങൾക്ക്);10% ഏറ്റവും കൂടുതൽ എണ്ണം ഉൽപ്പന്നങ്ങൾക്ക്; സേവന നികുതി 8% നിരക്കിലും. ഈ നിരക്കുകൾ സെൻട്രൽ ജി.എസ്.ടി. നിരക്കുകളാണ്. കൂടാതെ എല്ലാ സംസ്ഥാനങ്ങളും ഒരേ നികുതി നിരക്ക് (ഒരേ ചരക്കിന്) ഏർപ്പെടുത്തിയാൽ അവസാന ഡ്യൂട്ടി ലയബിലിറ്റി 15-20% വരെയായിരിക്കും. കാസ്ക്കേഡിങ്ങ് എഫക്റ്റ് ഉണ്ടാകാതിരിക്കുവാൻ, ഒരേ നിരക്കുകൾ ആവശ്യമാണ്.
- കിഴിവുകൾ, എക്സംഷൻസ്: എല്ലാ നികുതിയിളവുകളും ആദ്യമേ തന്നെ കളയുവാനുള്ള നീക്കം രാഷ്ട്രീയമായി തടയപ്പെടുന്നതുമൂലം പ്രായോഗിക നിരക്ക് 15%-ത്തിൽ വന്നേയ്ക്കും.
- കോമ്പൗണ്ടിങ്ങ് അഞ്ചുലക്ഷം മുതൽ അമ്പതുലക്ഷം വരെയുള്ള മൊത്ത ടേണോവർ വരുന്ന സൂക്ഷ്മ വ്യവസായ കച്ചവട, സേവന സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് സമ്പ്രദായം നടപ്പിലാക്കിയേക്കാം.
- ആദ്യവർഷംതന്നെ നികുതി പിരിവിൽ ഊർജ്ജസ്വലത ഉണ്ടാകുമെങ്കിൽ രണ്ടാം വർഷം കൂടിയ നിരക്ക് 10%-ൽ നിന്നും 9% ത്തിലേയ്ക്ക് കുറച്ചേക്കാം. 3-ാം വർഷം 8% നിരക്കിലും ഏറ്റവും കുറഞ്ഞ നിരക്ക് 6%-ത്തിൽ നിന്നും 8% ത്തിലേയ്ക്ക് വർദ്ധിപ്പിച്ച്, ചരക്കുനികുതിയും സേവന നികുതിയും സംയോജിപ്പിക്കുകയും ചെയ്യും.
- കേന്ദ്രവില്പന നികുതിയിലുള്ള സംസ്ഥാനങ്ങളുടെ ഇതുവരെ കൊടുത്തു തീർക്കുവാനുള്ള വിഹിതം എംപവേർഡ് കമ്മിറ്റിയുമായി കൂട്ടായി ആലോചിച്ച് ഒരു ഫോർമുല ഉടനെ പ്രസ്താവിക്കും.
- നികുതി ഇളവുകൾ സംസ്ഥാനങ്ങൾ വാറ്റ് സമ്പ്രദായത്തിൽ കൊടുത്തിരുന്നതുമായി അലൈൻ ചെയ്തുമാത്രമേ ജി.എസ്.റ്റി. സമ്പ്രദായത്തിൽ കേന്ദ്രസർക്കാർ നൽകുകയുള്ളൂ. ചുരുക്കത്തിൽ ചരക്കുനികുതിയിൽ പ്രത്യേകമായ ഒരിളവുകളും പുതിയ സമ്പ്രദായം വരുമ്പോൾ കാണുകയില്ല.
- പർച്ചേസ് ടാക്സ് ജി.എസ്.റ്റി.യിൽ ലയിക്കപ്പെടും.
- ഇൻഫർമേഷൻ ടെക്നോളജിയുടെ ഇടപെടൽ ഈ നികുതി സമ്പ്രദായത്തിന്റെ പൂർണ്ണ വിജയത്തിന് കാതലായ സംഭാവന നൽകേണ്ടതുള്ളതുകൊണ്ട്, രാജ്യത്തെ ഏറ്റവും പ്രമുഖനായതും, യു.ഐ.ഡിയുടെ സി. ഇ. ഒ. യും ഇപ്പോൾ കാബിനറ്റ് റാങ്കിൽ പ്രവർത്തിക്കുന്ന ആളുമായ ശ്രീ. നിൽക്കാനിയെയാണ് ഇതിന്റെ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. അദ്ദേഹം 'GST Network' (GSTN) എന്ന ഒരു കോമൺ പോർട്ടൽ ഉണ്ടാക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ പോർട്ടലിന്റെ ഉടമസ്ഥാവകാശം

സംസ്ഥാന ടെക്നോളജി പാർട്ട്നർ അടങ്ങിയുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിളി (SPV) നായിരിക്കും. വാറ്റിൽനിന്നും വ്യത്യസ്തമായി, രാജ്യത്തുടനീളം ഒരേ പ്രൊസീജ്യർ നടപ്പിലാക്കുന്നതിന് ഈ സംവിധാനം മൂലം സാധ്യമാകും.

- ഭരണഘടനയിൽ വേണ്ട മാറ്റങ്ങൾ നടപ്പിൽ വരുത്തുന്നതിന് ഒരു ഫൈനൽ ഡ്രാഫ്റ്റ് എംപവേർഡ് കമ്മിറ്റി ഓഗസ്റ്റ് 4-ാം തീയതി കൂടുന്ന മീറ്റിംഗിൽ പരിഗണിച്ചു.
- ഈ സംയുക്ത നികുതി സമ്പ്രദായം നടപ്പിൽ വരുത്തുന്നതിന് ബഹൃത്തായ ഭരണസംവിധാനങ്ങൾ രാജ്യത്തുടനീളം ആവശ്യമാണല്ലോ. ഏതാണ്ട് 50 ലക്ഷം നികുതി ദാതാക്കൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന ഈ നികുതി ഘടനയിൽ 250 കമ്മീഷണറേറ്റ് ഓഫീസുകളും, 50 ഓഡിറ്റ് കമ്മീഷണറന്മാരും, നികുതി വെട്ടിപ്പു തടയുന്നതിന് 22-ഓളം പുതിയ കമ്മീഷണറന്മാരും ആവശ്യമെന്നു കണക്കാക്കപ്പെടുന്നു. കൂടാതെ 160-ഓളം ജി.എസ്.റ്റി. കമ്മീഷണറേറ്റുകളും പുതിയതായി നിയമിക്കപ്പെട്ടേയ്ക്കും.
- ഏപ്രിൽ 1, 2011-ൽ ആരംഭിക്കുമെന്ന് തീർച്ചയാക്കിയിട്ടുള്ള ജി.എസ്.റ്റി. സമ്പ്രദായത്തിനുള്ള ഡ്രാഫ്റ്റ് നിയമങ്ങളും റൂളുകളും നാലുമാസം മുമ്പേ തന്നെ ഉണ്ടാക്കിയിരിക്കും. കോമൺ പോർട്ടലും അതുപോലെ തന്നെ ആവശ്യമാണ്.
- കേന്ദ്ര ഫിനാൻസ് മിനിസ്റ്റർ ചെയർമാനായുള്ള ഒരു കൗൺസിലിന്റെ രൂപീകരണത്തിന് സംസ്ഥാന സർക്കാരുകൾ യോജിച്ചേക്കാം. എന്നാൽ ഫിനാൻസ് മിനസ്റ്റർക്ക് വീറ്റോ പവ്വർ നൽകുന്നതിനോട് കോൺഗ്രസ് പാർട്ടി ഭരിക്കുന്ന സംസ്ഥാനങ്ങളൊഴിച്ചുള്ളവർ സമ്മതിക്കുമെന്നു തോന്നുന്നില്ല.

(സേവ്യർ തോമസ് കൊണ്ടോടി)

# ഇൻഡസ്ട്രീസ് അസോസിയേഷൻസ് ഉടനടി ചെയ്യേണ്ട കാര്യങ്ങൾ

- ജി. എസ്.റ്റി. അനുബന്ധമായ നിയമങ്ങളും ചട്ടങ്ങളും ഫ്രെയിം ചെയ്യുമ്പോൾ സോഫ്റ്റ്‌വെയർ നിർമ്മാതാക്കളും വ്യവസായ ട്രേഡ് അസോസിയേഷനുകളുമായുള്ള ചർച്ചകൾ ഉണ്ടായിരിക്കണം.
- കേന്ദ്രവിൽപ്പന നികുതി അപരനാമത്തിൽ പുതിയ നിരക്കിൽ ഉൾപ്പെടുത്തണമെന്നുള്ള നിർദ്ദേശം പല സംസ്ഥാനങ്ങളും വയ്ക്കുന്നുണ്ട്. ജി. എസ്.റ്റി. നികുതി സമ്പ്രദായത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന ഈ നീക്കത്തെ തടയണം.
- ജി. എസ്.റ്റി സമ്പ്രദായം നടപ്പിലാക്കുമ്പോൾ വ്യവസായവും കച്ചവടസ്ഥാപനങ്ങളും നടത്തേണ്ട തയ്യാറെടുപ്പുകളെപ്പറ്റി അറിവു പകരണം.
- മൂന്നു റേറ്റുകൾ വരുന്നതുമൂലം അത്യാവശ്യ വ്യവസായിക ഉൽപ്പന്നങ്ങളുടെ റേറ്റുകളെപ്പറ്റി മുൻകൂട്ടി സർക്കാരിനെ അറിയിക്കുവാൻ സാധിക്കുകയും കുറഞ്ഞ നിരക്കിൽ കൊണ്ടുവരുന്നതിനുവേണ്ടിയും ശ്രമിക്കണം.
- കൃത്യമായ കണക്കുകൾ സൂക്ഷിച്ച്, ബാദ്ധ്യതയുള്ള നികുതി കൃത്യമായ സർക്കാരിലേയ്ക്ക് നൽകി, രാജ്യത്തിന്റെ സാമ്പത്തിക, സാമൂഹിക വളർച്ചയിൽ പങ്കുകാരാകണം.
- വാറ്റിൽനിന്നും ജി.എസ്.റ്റി. യിലേയ്ക്കുള്ള മാറ്റം വരുന്ന കാലയളവിലുള്ള റീഫണ്ടു ക്ലെയിമുകൾ, ക്ലോസിംഗ് സ്റ്റോക്കിന്മേലുള്ള ഇൻപുട്ട് ക്രെഡിറ്റ് എന്നീ കാര്യങ്ങളിൽ കൃത്യമായ നിർദ്ദേശങ്ങൾ ഉണ്ടായിരിക്കണം.
- ഇളവുകൾ പലതും നിർത്തലാവുമ്പോൾ ഉണ്ടാവുന്ന സാഹചര്യങ്ങളെപ്പറ്റി അവബോധം ഉണ്ടായിരിക്കണം.
- ഇറക്കുമതിയ്ക്ക് ജി.എസ്.റ്റി. ഉണ്ടാകുന്ന സാഹചര്യത്തിൽ കയറ്റുമതിയുടെ നികുതി ഘടന ആഭ്യന്തര, അന്താരാഷ്ട്ര വ്യാപാരമേഖലയിൽ ഇൻഡ്യൻ ഉൽപ്പന്നങ്ങൾ നേരിടേണ്ടിവരുന്ന മത്സരത്തെപ്പറ്റി ചിന്തിക്കണം.
- അസസീ സൗഹൃദമായ നികുതി സമ്പ്രദായമായി പരിണമിക്കുവാൻ സർക്കാരിന്റെ മേൽ സമ്മർദ്ദം ചെലുത്തുവാൻ അസോസിയേഷനുകൾക്കു സാധിക്കണം.
- സൂക്ഷ്മ, ചെറുകിട വ്യവസായ യൂണിറ്റുകൾ നൽകുന്ന ടാക്സുകളുടെ ഒരു ചെറിയ പങ്കെങ്കിലും ഈ യൂണിറ്റുകളെ സഹായിക്കുന്നതിനായി വ്യവസായ വകുപ്പിന് പ്രത്യേകമായി ബഡ്ജറ്റിൽ മാറ്റി വെയ്ക്കണം.

## EXPORT CREDIT GUARANTEE *(from page 8)*

4. Are L/C shipments required to be covered by the Standard Policy?

Exporters holding standared policy may opt to get shipments against irrevocable letter of credit excluded from the scope of the policy. However, unless they are confirmed by banks in India, payments under irrevocable LCS is subject to political risks. For such shipments, an exporter have option to obtain cover for either political risks only or for comprehensive risks, i.e., for all political risks and the risk of insolvency or default of the bank opening the irrevocable letter of credits. The comprehensive risk cover also provides imdemasily to the exporter to the extent of 25% of the gross invoice value if the L/C opening bank referes payment on the ground of discrepancies in LC which are not clearly attributable to the exporter. In either case, cover will be provided by ECGC only if the export is against an irrevocable letter of credit under the Policy. Cover will not be available for selected transactions.

(contd...)

# Factories overtake farms



On May 31, when the government announces GDP numbers for 2009-10, for the first time in Indian history, factories would have contributed more to the national income than the country's farmers, marking a significant shift in the structure of the India economy.

That does not, however, diminish the importance of the farm, fisheries and the forest sector because of the disproportionately high percentage of people still engage in these primary activites.

It does not also take away from the fact that share of manufacturing still remains well below desired.

As per the advance estimates of GDP growth in 2009-10 released by the Central Statistical Organisation in February, the manufacturing sector was expected to contribute Rs. 7,07,512 crore to the economy, overtaking the Rs.6,49,370 crore from agriculture, forestry, and fishing.

That would make manufacturing the second biggest contributor to the GDP among the major sub-sector, but its relative share is well below that of many of India's peers.

For instance, in the case of China, value add by Industry has a near 48% share in the national income.

However, a recent CH-BCG report says that India, the 13th largest manufacturing economy in the world, could emerge as the fourth largest manufacturer if the sector grows by 11% in the next 15 years. "The share of manufacturing in the GDP has stuck at just about 18%. It should grow up to about 30% in the next five to 10 years. Only then can the economy sustain a growth of 9% to 10%" says Saumitra Chaudhuri, member, Planning Commission. Experts are, however, unanimous in that the industrial sector needs to generate lot more employment. "Its manufacturing) share in GDP is going to be higher by about 15% to that of agriculture, but dependence is too low comared to agriculture," says PK Joshi,Director National Academy of Agricultural Research Management, arguing for a greater employment generation in manufacturing.

The real structural change in the Indian economy would occur only when lesser people are employed in agriculture, says Suresh Tendulkar, former chairman of the Prime Minister's Economic Advisory Council". Our purchasing power is still largely rural. Once more people are engaged in Industry then only we can we be a truly industrialised economy" he said.

In fact, India's structural transition has been different from many other economies, with intermediate manufacturing stage not growing as desired.

"The Indian economy has jumped from an agrarian to service centric economy. The services sector has been unable to asorb the vast unskilled population" says Sunil Sinha, senior economist and head of reasearch at rating agency Crisil, arguing for the need for more employment generation in manufacturing.

# NEWLY ELECTED DISTRICT COMMITTEE KSSIA KOTTAYAM 2010-2012

## PRESIDENT

**Dr.. T.C. Joseph**
Dolphin Rubber Industries,
I.D. Plot, Poovanthuruthu, Kottayam-12
Ph: (O) 2340760, (R) 2372061,
Mob: 9447134076

## VICE PRESIDENT

**Sri. Abraham Kuriakose**
Perfect Crumbs, Amayannoor P.O.,
Kottayam-25
Ph: (R) 2571636, (O) 2543445, Mob:
9447043445

## SECRETARY

**Sri. K. Dilipkumar**
Pareparampil Rubber Industries,
Manarcadu P.O., KTM-19
Ph: (O) 2371781, 2370781, (R) 2370723,
Mob: 9447105134

## JOINT SECRETARY

**Sri. Benoy Kurian**
Steel Tech, Chingavanam P.O.,
Kottayam - 686 531
Ph: (O) 2430601, (R) 2430103,
Mob: 9447031061

## TREASURER

**Sri. James Emmanuel**
Southern Auto Products,
Athirampuzha P.O., KTM-686562
Ph: (O) 2731596, Mob: 9447306769

## DISTRICT COMMITTEE

1. Dr. George P. Thomas
(Immediate Past President)
T.J.P. Rubber Industries,
I.D. Plot, Poovanthuruthu
Mob: 9447042636, 2342636(O), 2353833(R)
2. Binod Mathew, Malax Rubbers, Amayannoor P.O., Kottayam - 25 Mob: 9447043387
3. George Issac, Malabar Coast Products, T.B. Road, Kottayam - 1 Mob: 9447061668
4. Mathewkutty Kalathil, Emkay Engg Works, Pallom P.O., Kottayam - 7
Mob: 9447130440
5. Thomas Thomas, Sahurudhaya Rubber Industries, Pallom P.O., Kottayam - 7
Mob: 9847039212
6. Joy Chacko, Gipsa Enterprises I.D. Plot, Poovanthuruthu, Kottayam - 12 9846083726
7. K.J. Thomas, Power (Universal Eco Bags), Vadavathoor P.O., Kottayam - 686010
9447288234
8. S. Santhosh Kumar, Lakshmi Rubbers, Pariyaram P.O., Kottayam - 21 9349500799
9. James Jacob, Vilanganpara Engg Works, Vakathanam P.O., Kottayam 9447162253
10. Jacob Kuruvilla, Ottathycal Engg Works, Chingavanam P.O., Kottayam-686531
9349500392
11. Gigi Nicholas, Zeemas Xray Welding Centre, Mundakayam - 13, 9447208722
12. Shibu M.D., Udayam Rubbers, I.D. Plot, Poovanthuruth, Kottayam - 12, 9847117336

## GENERAL COUNCIL

1. Xavy John, Associated Rubber Factory, MIE, Kumaranalloor, Kottayam-16 9895172653
2. Kurian P. Thomas, Perincheril Rubbers, I.D. Plot, Poovanthuruthu, Kottayam-12
9447142501
3. Xavier Thomas Kondody, Sanson Chemical Industries, I.D. Plot, Poovanthuruthu
9847046229
4. Dittu John, Dijo Rubbers, I.D. Plot, Poovanthuruthu, Kottayam-12 9747282655
5. M.C. Kuriakose, MoMo Rubbers, Ithithanam, Changanasserry 9447131707
6. P.K. Mathew, Amson Rubbers, Kodimatha, Kottayam-39 9447027200
7. T.I. Kurian, A.K. Fabrication, Kilimanoor North P.O., Kottayam-39 9895081742

8. Ditto Jacob, Arakkathara Elastomers, Pallom, Kottayam-7 9847041212
9. George P. Thomas, T.J.P. Rubber Industries, I.D.Plot, Poovanthuruthu, Kottayam-12 9847042636
10. P.D. George, Sharaon Polymers, Peroor P.O., Kottayam 9349500963
11. Joshmon Lawrence, Asok Rubber Factory, I.E. Chenganassery 9847527715
12. Mathukutty Mankoottuil, Precision Engg Corporation, I.E., Ettumanoor P.O. 9447773730
13. P.K. Jayakumar, Chass Engg., I.E. Ettumanoor, Kottayam-31 9349147178
14. Georgy Thomas, Geochem Industries, P.B. No. 2, Pala 9447797738
15. B. Jayakumar, A&B Computer Forms, Chalapparamby, Vaikom 9895062551
16. Gladson Jacob, Geejay Cartons, Kottayam-4 9447759873
17. C.K. Baby, Ceekay Industries, Ithithanam, Changanasserry 9447021991
18. Nazer M.K., Emkay Cement Products, Mundakayam - 686 513 9447287639
19. P.K. Shanavas Khan, Sha Hollow Bricks, Mundakayam - 686 513 9447125861
20. M.D. John Thomas, Renon Plastics, MIE, Mammood, Changanasserry 9349930677
21. Joy Thomas, Thomas Rubbers, I.D. Plot, Poovanthuruthu, Kottayam - 12 9446496219

## NOMINATED MEMBERS

1. Sri. V.I. Chacko, Varathara Wood Industries, I.D. Plot, Poovanthuruthu, Kottayam-12 Mob: 944641692
2. Sri. Mossas T. George, Geekay Rubber Industries, Manarcadu P.O., Kottayam-19 Mob: 944616465
3. Smt. Soosy George Isaac, The Conniceure, T.B. Road, Kottayam-1 2561668
4. Smt. Susamma Varghese, Girly Garments, Near Adam Towers, Kottayam-1 9349568839

## HONOURARY MEMBER

1. Advocate Sri K.J. Philipose 9387045971

## SPECIAL INVITEE

1. P.P. Thomas, Kelachandra Iron & Stell Works, Chingavanam 9895043090
2. K.T. Thomas, Paragon Polymers, Kottayam - 1 2564788
3. K.C. Selvaraj, South Indian Gold Refinery Pvt., Ltd., Kottayam-1 9846133893
4. K.A. Sebastian, Kunnappally Oil Mills, Ayarkunnam 9447870361
5. Vivish Thomas, Vesco Pavers, Kottayam-1 9447115743
6. B.F. Varghese, Midas, Malloosserry P.O., Kottayam 2561215
7. Thomas John, Consolidated Wood industries, Chingavanam 9447159070
8. P.J. Abraham, St. Thomas Rubber Industries, Poovanthuruthu 9349507857
9. Jojan P. George, Taurers Rubber Industries, Poovanthuruthu 9447040025
10. K. J. Joseph, Universal Buildings Products Ayarkunnam. 9447181384
10. Silu C. Thomas, Royal Handicrafts, Nattakom P.O., Kottayam,9446371215

## അംഗങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്ക്

പുതിയ അംഗത്വം എടുക്കുന്നതിന് നിർദ്ദിഷ്ട അപേക്ഷാ ഫോമിനോടൊപ്പം ഒരു ഫോട്ടോയും എം. എസ്. എം. ഇ. സർട്ടിഫിക്കറ്റിന്റെ കോപ്പിയും വാറ്റ് രജിസ്ട്രേഷൻ/ഇലക്ട്രിസിറ്റി ബിൽ/പഞ്ചായത്ത് ലൈസൻസ് ഇതിലേതിന്റെയെങ്കിലും ഒന്നിന്റെ കോപ്പിയും 600 രൂപയും നൽകണം. സർവീസ് ബിസിനസ് വിഭാഗങ്ങൾക്ക് അംഗത്വം നൽകുന്നതല്ല.

സോഷ്യൽ സെക്യൂരിറ്റിയിൽ അംഗത്വത്തിന് രണ്ടു ഫോട്ടോ രണ്ട് അപേക്ഷാഫോം, എം. എസ്. എം. ഇ. സർട്ടിഫിക്കറ്റിന്റെ രണ്ടു കോപ്പി വാറ്റ് രജിസ്ട്രേഷൻ/ഇലക്ട്രിസിറ്റി ബിൽ/പഞ്ചായത്ത് ലൈസൻസ് എന്നിവയുടെ രണ്ടു കോപ്പി, ഏജ് പ്രൂഫ് എന്നിവയും 10,500 രൂപയുടെ ഡി. ഡി. യും നൽകണം.